**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4090** **24.06.2019-ൽ മറുപടിയ്ക്ക്**

## ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആദിവാസി മേഖലകളിലെ സ്കൂളുകളിൽ നിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആദിവാസി മേഖലയിലെ സ്കൂളുകളിൽ നിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഗോത്രബന്ധു, സാമൂഹ്യപഠനമുറി എന്നീ പദ്ധതികൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്ന എന്ന് ഉറപ്പ് വരുത്തുന്നതിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവല്ക്കരണം വകുപ്പ് നടത്തി വരുന്നു. വിദൂരസ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി 'ഗോത്രസാരഥി' പദ്ധതി നടത്തി വരുന്നു. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകി വരുന്നു. വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള |

| | |
|---|---|
| | പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് സാമൂഹ്യ പഠനമുറി<br><br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്താകെ 100 സാമൂഹ്യപഠനമുറികൾ നടപ്പിലാക്കിയിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ<br>സാമൂഹ്യപഠനമുറി പദ്ധതി വലിയ് നേട്ടമുണ്ടാക്കുന്നതായി വിലയിരുത്തുന്നു. സ്കൂളിൽ ഹാജർ വർദ്ധിപ്പിച്ച് നിലനിർത്തുന്നതിനും പദ്ധതി ഉപകരിക്കുന്നുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**